പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4332 28.06.2012-ലെ മറുപടിക്ക്

ഭൂപരിധി നിർണ്ണയം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി. കെ. കെ. ലതിക | അടൂർ പ്രകാശ്<br>റവന്യൂവും കയറും വകുപ്പുമന്ത്രി |
| (എ) കേരള ഭൂപരിഷ്കരണ നിയമം അനുസരിച്ച് വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും കൈവശം വയ്ക്കാവുന്ന ഭൂമിയുടെ പരിധി എത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) കേരള ഭൂപരിഷ്ക്കരണ നിമയം 81 (1) വകുപ്പ് പ്രകാരം ഇളവ് അനുവദിക്കപ്പെട്ട ഭൂമികൾ ഒഴികെ കൈവശം വയ്ക്കാവുന്ന ഭൂപരിധി സെക്ഷൻ 82 പ്രകാരം വ്യവസ്ഥ ചെയ്തിരിക്കുന്നു. അവ ഇപ്രകാരമാണ്.<br><br>ഏകാംഗ കുടുംബത്തിന്/ഒരു വ്യക്തിക്ക് 5 സ്റ്റാന്റേർഡ് ഏക്കർ (കുറഞ്ഞത് 6 ഏക്കർ മുതൽ പരമാവധി 7.50 ഏക്കർ വരെ) ഭൂമി കൈവശം വയ്ക്കാവുന്നതാണ്.<br>2 മുതൽ 5വരെ അംഗങ്ങളുള്ള ഒരു കുടുംബത്തിന് പത്ത് സറ്റാന്റേർഡ് ഏക്കർ (കുറഞ്ഞത് 12 ഏക്കർ മുതൽ 15 ഏക്കർ വരെ) ഭൂമി കൈവശം വയ്ക്കാവുന്നതാണ്.<br>5 ൽ കൂടുതൽ അംഗങ്ങളുള്ള കുടുംബത്തിന്, 5 ൽ കൂടുതലുള്ള ഓരോരുത്തർക്കും ഒരു സ്റ്റാന്റേർഡ് ഏക്കർ വീതം അധികമായി കുറഞ്ഞത് 12 ഏക്കർ മുതൽ 20 ഏക്കർ വരെ ഭൂമി കൈവശം വയ്ക്കാവുന്നതാണ്.<br>കൂട്ടുകുടുംബമല്ലാത്ത മറ്റു വിഭാഗങ്ങളിൽ കുറഞ്ഞത് 12 ഏക്കർ മുതൽ കൂടിയത് 15 ഏക്കർ വരെ (10 സ്റ്റാന്റേർഡ് ഏക്കർ വരെ) യാണ് പരിധി. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത ഭൂപരിധിയിൽ സർക്കാർ ആർക്കെങ്കിലും ഇളവ് അനുവദിച്ച് ഉത്തരവായിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ; | (ബി) | കേരള ഭൂപരിഷ്കരണ നിയമം സെക്ഷൻ 81 (3) പ്രകാരം പൊതു പ്രസക്തി (Public interest) ഉണ്ടെന്ന് സർക്കാരിന് ബോദ്ധ്യമാകുന്ന പക്ഷം അത്തരം ഭൂമികളെ ഏതെങ്കിലും പ്രത്യേക ഉപയോഗത്തിനോ പ്ലാന്റേഷനിലേക്ക് പരിവർത്തനം ചെയ്യുവാനോ വിപുലീകരിക്കുവാനോ ഏതെങ്കിലും വാണിജ്യ, വ്യവസായിക, വിദ്യാഭ്യാസപരമായ, ജീവകാരുണ്യപരമായ കാര്യങ്ങൾക്ക് ഇളവ് നൽകുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തി വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇതുപ്രകാരം വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും സർക്കാർ ഇളവ് നൽകിയിട്ടുണ്ട്. |
| (സി) | ഉണ്ടെങ്കിൽ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വയനാട് ജില്ലയിൽ വൈത്തിരി താലൂക്കിൽ മൂപ്പൈനാട് വില്ലേജിൽ സർവ്വേ നമ്പർ 64/2 ൽ 50 ഏക്കർ സ്ഥലത്തിന് G.O.(MS)221/RD/12 dated 31.5.2012 പ്രകാരം ഡി.എം.എഡ്യൂക്കേഷൻ & റിസേർച്ച് ഫൗണ്ടേഷന് മെഡിക്കൽ കോളേജ് തുടങ്ങുന്നതിനായി KLR Act.81(3) അനുസരിച്ച് ഇളവ് അനുവദിച്ചിട്ടുണ്ട്. ' ടി ' ഉത്തരവ് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി ഗവ. പ്രസ്സിൽ നല്കിയിരിക്കുകയാണ്. G.O.(MS) 221/RD/12 dated 31.5.2012 ന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

# GOVERNMENT OF KERALA

Revenue (N) Department

## NOTIFICATION

**G.O.(Ms.) No. 221/2012/RD Dated, Thiruvananthapuram 31st May 2012**

**S.R.O. No.** ................Whereas the Government are satisfied that on account of the land specified in the schedule below being bonafide required for educational purpose, namely, for establishing a Medical College in the Moopainad Panchayat in Vythiri Taluk of Waynad District, by DM Education and Research Foundation. It is necessary in the public interest to exempt those lands from the provisions of Chapter III of the Kerala Land Reforms Act, 1963(1 of 1964);

NOW, THEREFORE, in exercise of the powers conferred by sub-section (3) of Section 81 of the said Act, the Government of Kerala hereby exempt the said land from the provisions of Chapter III thereof, subject to the following conditions namely:-

(1) the land or any portion thereof shall not be alienated
(2) the land shall be used only for the purpose of establishment of the said Medical College and for purposes directly connected there with;
(3) The land shall be used for the purpose mentioned in condition(2) within a period of two years from the date of publication of this notification in the Gazette
(4) The exempted land shall not be fragmented.
(5) The land shall not be used for commercial purpose.
(6) If felling of trees in the land is indispensable new trees shall be planted for the felled ones; and
(7) If any of the above conditions are violated, the exemption shall cease to be in force.

THE SCHEDULE

| District | Taluk | Village | Block No. | Re-survey. No. | Extent | Description of Land |
|---|---|---|---|---|---|---|
| Wayanad | Vythiry | Mooppainad | 30 | 64/2part | 20.2400 Hectares | Coffee Plantation |

**By order of the Governor,**
**K.B. VALSALA KUMARI**
***Principal Secretary to Government***

**Explanatory Note**

This does not form part of the notification but is intended to indicate its general purport

The Chairman and Managing Trustee of DM Education & Research Foundation, Kozhikode filed an application before Government of Kerala for exempting an extent of 20.2400 hectares of land mentioned in the Schedule from ceiling provisions of the Kerala Land Reforms Act, 1963, Central Act of 1964. He has stated that the land is now in the possession and ownership of DM Education and Research Foundation for being used for the purpose of running Medical College by the above mentioned Trust.

From enquires made in the matter Government are satisfied that the land mentioned is required bonafide for an educational purpose, the promotion of which will be in the public interest. Government are therefore pleased to exempt the said land from the provisions of Chapter III of the said Act, subject to the condition specified in the notification under section 81(3) (b) of the Kerala Land Reforms Act, 1963.

The notification is intended to achieve the above object.

True Copy

S.O.